# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


പത്രക്കുറിപ്പ് 12.10.2017

## എറിക് ഹോബ്സ്ബോം ജന്മശതാബ്ദി പ്രഭാഷണപരമ്പര
## സമാപനസമ്മേളനം
## ഒക്ടോബർ 14-ന് കെ.പി.കേശവമേനോൻ ഹാളിൽ

വിഖ്യാത മാർക്സിസ്റ്റ് ചരിത്രകാരൻ എറിക് ഹോബ്സ്ബോമിന്റെ ജന്മശതാബ്ദിയും ഇന്ത്യയിൽ പുരോഗമനസാഹിത്യപ്രസ്ഥാനം ഉദയംകൊണ്ടതിന്റെ എൺപതാം വാർഷികവും അടയാളപ്പെടുത്തുന്നതിന് കേരള സാഹിത്യ അക്കാദമി കേരളത്തിലെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്ന പ്രഭാഷണപരമ്പരയുടെ സമാപനം ഒക്ടോബർ 14 ശനിയാഴ്ച കോഴിക്കോട് നടക്കും. പുരോഗമനകലാസാഹിത്യസംഘം കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ സഹകരണത്തോടെ വൈകീട്ട് 5 മണിക്ക് കെ.പി. കേശവമേനോൻ ഹാളിൽ നടക്കുന്ന സമാപനസമ്മേളനത്തിൽ പ്രമുഖ രാഷ്ട്രീയചിന്തകനും എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ പ്രൊഫ. ജ്യോതിർമയ ശർമ്മ **വിയോജിപ്പിന്റെ പുതിയ ഭാഷയ്ക്കായുള്ള അന്വേഷണം** എന്ന വിഷയത്തിൽ പ്രഭാഷണം നിർവ്വഹിക്കും. സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ഡോ.ഖദീജ മുംതാസ് അധ്യക്ഷത വഹിക്കും. സാഹിത്യ അക്കാദമി നിർവ്വാഹകസമിതിയംഗം കെ.ഇ.എൻ. ആമുഖപ്രഭാഷണം നടത്തും. വിൽസൺ സാമുവൽ, ഡോ.ഹേമന്ത്കുമാർ എന്നിവർ സംസാരിക്കും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

പ്രിയ എഡിറ്റർ,
മുകളിൽ ചേർത്തിരിക്കുന്ന വാർത്ത താങ്കളുടെ പത്രത്തിൽ സംസ്ഥാനതല പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.